പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1807

06-07-2015 - ൽ മറുപടിയ്ക്ക്

**മത്സ്യ തൊഴിലാളി കടാശ്വാസ കമ്മീഷൻ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ദാസൻ: | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യ തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം എത്ര പേർക്ക് കടാശ്വാസം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | എ) | ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരം മത്സ്യഫെഡ് മുഖേന 599 പേർക്കും 42331 അംഗങ്ങൾക്ക് സഹകരണ സംഘങ്ങൾ വഴിയും കടാശ്വാസം അനുവദിച്ചിട്ടുണ്ട്.<br>കൂടാതെ ദേശസാൽകൃത ബാങ്കുകളുമായി ബന്ധപ്പെട്ട് 2839 പേരുടെയും മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 688 പേരുടെയും കടങ്ങൾ എഴുതിതള്ളുന്നതിനായി കമ്മീഷൻ ശുപാർശ ചെയ്യുകയും ടി ലിസ്റ്റുകൾ അംഗീകരിച്ച് കടാശ്വാസ തുക ദേശസാൽകൃത ബാങ്കുകൾക്കും മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങൾക്കും മാർച്ച് 2015 ൽ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ബി) | കടാശ്വാസം അനുവദിച്ച കേസുകളിൽ എത്ര പേർക്ക് ആനുകൂല്യം വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നും ഇത് എപ്പോൾ വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ ; | ബി) | മത്സ്യഫെഡിൽ നിന്നും വായ്പയെടുത്ത 381 പേർക്ക് കടാശ്വാസ തുക വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ദേശസാൽകൃത ബാങ്കുകളുമായി ബന്ധപ്പെട്ട് 2839 പേരുടെയും മറ്റു സർക്കാർ ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 688 പേരുടെയും കടാശ്വാസ തുക വിതരണം ചെയ്ത് കൊണ്ടിരിക്കുന്നു. |
| സി) | കടാശ്വാസത്തിനുള്ള കാലപരിധി 2008 വരെ ദീർഘിപ്പിക്കണമെന്ന് കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ നിലപാട് വിശദമാക്കാമോ ? | സി) | ശുപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം നിരാകരിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ